## Angelsbasel Charity Lunch Event on 18th November 2018

സ്വിറ്റസർലൻഡിലെ ബാസൽ കേന്ദ്രമായി പ്രവർത്തിക്കുന്ന വനിതാ ജീവകാരുണ്യ കൂട്ടായ്മയായ **Angelsbasel** സംഘടിപ്പിക്കുന് **Charity Lunch Event** ഈ വർഷവും സെൻറ് ആൻറണീസ് ഇടവക സമൂഹത്തോട് ചേർന്നുകൊണ്ട് നവംബർ 18 ഞായറാഴ്ച 11.30 ന് സെൻറ് ആൻറണീസ് ദേവാലയഹാളിൽ വച്ച് നടത്തപ്പെടുന്നു.

**Kerala Cultural and Sports Club (KCSC)** ൻറെ വനിതാ ചാരിറ്റി വിഭാഗമായ Angelsbasel വർഷങ്ങളായി ജീവകാരുണ്യ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രളയ ദുരിത മേഖലകളിൽ **Angelsbasel** സഹായഹസ്തവുമായി തുടക്കത്തിൽ തന്നെ സേവനം ആരംഭിച്ചിരുന്നു. മലയാളനാട് ഇന്നേവരെ കണ്ടിട്ടില്ലാത്ത അതീവ ഗുരുതരമായ പ്രകൃതിദുരന്തത്തിൽ വീടും മറ്റു വരുമാനമാർഗ്ഗങ്ങളും നഷ്ട്ടപെട്ട ചില കുടുംബങ്ങൾക്ക് എങ്കിലും ഇനിയും കൈത്താങ്ങാകുവാൻ ഈ **Charity Event** -ലൂടെ സാധിക്കും എന്ന പ്രതീക്ഷയിലാണ് സംഘടകർ എല്ലാവരും.

ഈ വർഷത്തെ തുടർന്നുള്ള ജീവകാരുണ്യ സാമ്പത്തിക സഹായങ്ങളിൽ പ്രധാന പരിഗണന കേരളത്തിലെ പുനരധിവാസ പ്രവർത്തന മേഖലകളിൽ ആയിരിക്കും എന്ന് Angels ഭാരവാഹികൾ അറിയിച്ചു. നവംബർ 18 ൽ നടക്കുന്ന ഈ **Charity Lunch Event** വിജയകരമാക്കുവാൻ മലയാളി സമൂഹത്തിൻറെ സഹായസഹകരണം Angelsbasel അഭ്യർത്ഥിക്കുന്നു

Www.angelbasel.com
http://www.kcscbasel.com/